(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ മാസവും ജില്ലാ പോലീസ് മേധാവിമാരുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തി അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതി വിലയിരുത്തി കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകാറുണ്ട്. വിവിധ പട്ടികജാതി-പട്ടികവർഗ്ഗ പ്രതിനിധികൾ, എസ്.സി./എസ്.ടി. വകുപ്പുകൾ, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്ന വിവിധ മോണിറ്ററിംഗ് കമ്മിറ്റി യോഗങ്ങളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും യുക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവിമാരും ഡിവൈ.എസ്.പി.-മാരും പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കോളനികൾ കേന്ദ്രീകരിച്ച് ആവശ്യമായ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, അതിക്രമങ്ങൾക്ക് ഇരയാകുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവ ചെയ്തുവരുന്നുണ്ട്. ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങൾ ചർച്ച ചെയ്യുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) എല്ലാ ജില്ലകളിലും എല്ലാ മാസവും ഇക്കാര്യങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. അതിക്രമങ്ങൾക്കിരയായവർക്ക് ധനസഹായം അനുവദിക്കുക, അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ, വിചാരണയിലുള്ള കേസുകൾ, അതിക്രമം സംബന്ധിച്ച് ലഭിച്ച പരാതികൾ എന്നീ വിഷയങ്ങളിൽ അവലോകനം നടത്തി ഉചിതമായ നടപടികൾ യഥാവിധി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടന്ന അതിക്രമങ്ങളിൽ നിയമാനുസൃത കടമ നിർവ്വഹിക്കാത്തതിന് ആരുടെ പേരിലും കേസെടുത്തിട്ടില്ല.

പന്തിരിക്കര പെൺവാണിഭ കേസ്

185 (1890) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തിരിക്കര പെൺവാണിഭ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കേസ്സിൽ എത്ര പ്രതികൾ ഉണ്ടെന്നും അവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ ;

(സി) കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പന്തിരിക്കര പെൺവാണിഭ കേസ് (പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 373/13) ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ വിചാരണയിലാണ്.

(ബി) രണ്ട് പ്രതികൾ ഉണ്ട്. പേരുവിവരം ചുവടെ ചേർക്കുന്നു :

1. ഷാഫി @ ഷാഫി മുഹമ്മദ്, S/o മമ്മു, എടത്തുംകര (H), ആവട്ടുക്ക, ചങ്ങരോത്ത്.
2. ഷഫീഖ്, S/o ഇബ്രാഹിം, മീത്തലെ പാലാട്ടുക്കര (H), തട്ടോരപ്പാറ പി. ഒ., കിഴക്കൻ പേരാമ്പ്ര.

(സി) 5-11-2014 തീയതി ബഹുമാനപ്പെട്ട കോഴിക്കോട് പ്രിൻസിപ്പൽ സെഷൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ

186 (1891) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്ന കുറ്റകൃത്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാത്ത എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമത്തിലെ 3 (1)-ൽ 1 മുതൽ (XV) വരെയും 3 (2)-ൽ 1 മുതൽ (VII) വരെയുമുള്ള വകുപ്പുകൾ പ്രകാരം വിവരിക്കുന്ന കുറ്റകൃത്യങ്ങളാണ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം അതിക്രമങ്ങളായി പരിഗണിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 927 കേസുകൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly